**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6130** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂജല വകുപ്പിന്റെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ വന്നത് എന്നാണെന്നറിയിക്കുമോ; | (എ) | കേരള ഗസറ്റ് No.33125/GW1/2003/WRD, തീയതി – 16.01.2004 – SRO No. 59/2004 പ്രകാരം 15.01.2004 – ന് സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ വന്നു. |
| (ബി) | ഇതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (സി) | ഭൂജല വകുപ്പിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | 1) ഭൂജലവകുപ്പിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്ന റിഗ്ഗുകൾ കാലപ്പഴക്കം കാരണം പ്രവർത്തനരഹിതമാകുന്നത് മൂലം നിർമ്മാണ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുന്നതിനാൽ പുതിയ റിഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2) ഭൂജലവകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി NIC (service plus) – യുമായി ചേർന്ന് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വ്യവസായത്തിനു നൽകുന്ന സേവനങ്ങളിൽ രണ്ടെണ്ണം K-SWIFT മുഖാന്തിരം ഓൺലൈൻ ആക്കിയിട്ടുണ്ട്. 3) ഭൂജലവകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ Infrastructure Gap Analysis – ഐ. ടി മിഷന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും അധികമായി വേണ്ടുന്ന കമ്പ്യൂട്ടറുകളും, അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് വേണ്ടുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂജലവകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | 'കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002' ഭേദഗതിയുടെ പ്രൊപ്പോസൽ 18.05.2020 - ൽ ചേർന്ന 30 – ാമത് അതോറിറ്റി യോഗം |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുകയും പ്രസ്തുത ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട് 2016-19 ലെ കമ്മിറ്റി ഓൺ സബോഡിനേറ്റ് ലെജിസ്ലേഷൻ 7.11.2016 ൽ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത ശുപാർശകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ